# ASSISTANT SALESMAN (SPECIAL TOPICS)

## THE KERALA STATE CIVIL SUPPLIES CORPORATION (SUPPLYCO)

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈക്കോ)

> സ്ഥാപിതമായ വർഷം – 1974

> ആസ്ഥാനം – മാവേലി ഭവൻ, ഗാന്ധിനഗർ, കൊച്ചി

> കേരള സർക്കാരിന്റെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ എക്സിക്യൂഷൻ വിഭാഗമായി ഇത് പ്രവർത്തിക്കുന്നു.

> അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് റീട്ടെയിൽ വിപണിയിൽ സർക്കാർ ഇടപെടൽ എന്ന ലക്ഷ്യത്തോടെയാണ് കമ്പനി പ്രവർത്തിക്കുന്നത്.

> നിലവിലെ സപ്ലൈകോ ചെയർമാൻ – അലി അസ്ഗർ പാഷ ഐ.എ.എസ്.

> പ്രധാന ലക്ഷ്യം – പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുക.

> ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും സബ്സിഡിയുള്ള വിലനിർണ്ണയവുമാണ് സപ്ലൈകോ ഉപഭോക്താവിന് നൽകുന്ന നേട്ടങ്ങൾ

> എല്ലാ വർഷവും ഗ്രാന്റുകൾ നൽകി കേരള സർക്കാർ ഈ പ്രവർത്തനത്തെ സഹായിക്കുന്നു.

> സപ്ലൈകോയുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾതോറും പ്രവർത്തിക്കുന്ന വിപണന കേന്ദ്രങ്ങളാണ് മാവേലി സ്റ്റോറുകൾ.

LAKSHYA

# ASSISTANT SALESMAN (SPECIAL TOPICS)

## THE KERALA STATE CIVIL SUPPLIES CORPORATION (SUPPLYCO)

### പ്രധാന സപ്ലൈകോ ഔട്ട്‌ലെറ്റുകൾ

മാവേലി സ്റ്റോറുകൾ

മൊബൈൽ മാവേലി സ്റ്റോറുകൾ

സൂപ്പർ മാർക്കറ്റുകൾ

മെഡിക്കൽ സ്റ്റോറുകൾ

പെട്രോൾ ബങ്കുകൾ

LPG ഔട്ട്‌ലെറ്റുകൾ

പീപ്പിൾസ് ബസാർ

ഹൈപ്പർ മാർക്കറ്റ്

സബർബൻ മാളുകൾ

> സപ്ലൈകോ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്ന ബ്രാൻഡ് നെയിം – **ശബരി**

> നെല്ലു സംഭരണത്തിനായി സപ്ലൈക്കോ ആരംഭിച്ച വെബ്സൈറ്റ് – **സപ്ലൈക്കോ പാഡി**

> നെല്ലു സംഭരണത്തിന് നേതൃത്വം നൽകുന്നത് – **ജില്ലാതല പാഡി ഓഫീസർമാർ**

LAKSHYA

# ASSISTANT SALESMAN (SPECIAL TOPICS)

## THE KERALA STATE CIVIL SUPPLIES CORPORATION (SUPPLYCO)

> സപ്ലൈക്കോയുടെ റീജിയണൽ ഓഫീസുകൾ – 5

തിരുവനന്തപുരം

കോട്ടയം

കൊച്ചി

പാലക്കാട്

കോഴിക്കോട്

> ജില്ലാ ഡിപ്പോകൾ – 14

> താലൂക്ക് ഡിപ്പോകൾ – 56

> റീട്ടെയിൽ ഔട്ട്ലെറ്റുകൾ – ഏകദേശം 1600

> സപ്ലൈക്കോ നിലവിൽ വരുമ്പോൾ ഭക്ഷ്യ വകുപ്പ് മന്ത്രി – കെ.ജി.അടിയോടി

> കേരളത്തിന്റെ ആദ്യ ഭക്ഷ്യ വകുപ്പ് മന്ത്രി – കെ.സി.ജോർജ്ജ്

> നിലവിലെ സംസ്ഥാന ഭക്ഷ്യ പൊതുവിതരണ മന്ത്രി – അഡ്വ. ജി.ആർ.അനിൽ

> കേരളത്തിൽ മാവേലി സ്റ്റോറുകൾ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്

– ഇ. ചന്ദ്രശേഖരൻ നായർ (ആർക്കിടെക്റ്റ് ഓഫ് മാവേലി സ്റ്റോർസ്)

LAKSHYA



LAKSHYA The steppingstone towards SUCCESS

# ASSISTANT SALESMAN (SPECIAL TOPICS)

## THE KERALA STATE CIVIL SUPPLIES CORPORATION (SUPPLYCO)

## സപ്ലൈക്കോയുടെ പ്രധാന കടമകൾ

> അവശ്യസാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിതരണം

> നെല്ലു സംഭരണം

> പായ്ക്ക് ചെയ്ത കൺസ്യൂമർ ഗുഡ്സിന്റെ ചില്ലറ വിൽപ്പന

> തേയിലയുടെയും കോഫിയുടെയും ബ്ലെന്റിംഗും പാക്കിംഗും (ശബരി)

> ഫോർട്ടിഫൈഡ് ആട്ടയുടെ പാക്കിംഗും മില്ലിംഗും

> പെട്രോളിയം ഉൽപ്പന്നങ്ങളുടെ ചില്ലറ വ്യാപാരം

> മരുന്നുകളുടെ ചില്ലറ വ്യാപാരം

> പി.ഡി.എസ്. സാധനങ്ങളുടെ മൊത്തവിതരണം

> സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം

> ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ വേളകളിലുള്ള ചന്തകളുടെ നടത്തിപ്പ്

> പൊതുവിതരണ വകുപ്പിന് വേണ്ടി ഭക്ഷ്യ ധാന്യങ്ങളുടെ ഇടനില സംഭരണവും വാതിൽപ്പടി വിതരണവും

LAKSHYA

# പൊതുവിതരണ സംവിധാനം
## Public Distribution System(PDS)

കേരളത്തിൽ ഒരു വ്യക്തിക്ക് പ്രതിമാസം ലഭ്യമാക്കേണ്ട ഭക്ഷ്യധാന്യങ്ങൾ, 13.8 കി. ആണ്. ഒരു വ്യക്തിക്ക് ഒരു ദിവസം 370 ഗ്രാം ഭക്ഷ്യ ധാന്യങ്ങൾ എന്ന ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിർദ്ദേശ പ്രകാരമുള്ള കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ അളവ് നിശ്ചയിക്കുന്നത്. പൊതുവിതരണശൃംഖല (PDS) ആശ്രയിച്ച് ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്ന കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. 1991 ലെ കണക്ക് പ്രകാരം പൊതുവിതരണ സംവിധാനത്തിൽ നിന്ന് കേരളത്തിലെ ഒരു വ്യക്തി വാങ്ങുന്നത് ശരാശരി 69.9 കി.ഗ്രാം ധാന്യങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ പി ഡി എസ് സംവിധാനം ഉപഭോഗത്തിന്റെയും പോഷകാഹാര ലഭ്യതയുടേയും കാര്യത്തിൽ ക്രിയാത്മകമായ പങ്ക് വഹിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യക്ഷേമ, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ പ്രാഥമികമായ ഒരു പരിപാടിയാണ് പൊതുവിതരണ സംവിധാനം (PDS) സബ്സിഡി നിരക്കിൽ അവശ്യ ഉല്പന്നങ്ങളായ അരി, ഗോതമ്പ്, പഞ്ചാസാര, മണ്ണെണ്ണ തുടങ്ങിയ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ ഇന്ത്യയുടെ ഭക്ഷ്യ ഭദ്രതാ സംവിധാനത്തിൽ വർഷങ്ങളായി ഈ സമ്പ്രദായം കാര്യമായ പങ്ക് വഹിക്കുന്നു. പൊതുവിതരണ സമ്പ്രദായ ത്തിലൂടെ രാജ്യത്താകെയുള്ള ന്യായവില കേന്ദ്രങ്ങളിലൂടെ (FPS) ഭക്ഷ്യവസ്തുക്കളും (അരി, ഗോതമ്പ്, പഞ്ചസാര,

ഭക്ഷ്യ എണ്ണ) ഭക്ഷ്യേതര വസ്തുക്കളും (മണ്ണെണ്ണ, കൽക്കരി, തുണി) പൊതു ജനങ്ങൾക്ക് വിപണി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തുവരുന്നു. പ്രധാന ഭക്ഷ്യധാന്യങ്ങളായ അരിയും ഗോതമ്പും പൊതുവിതരണ സമ്പ്രദായത്തിലൂടെയാണ് കൈകാര്യം ചെയ്യുന്നത് എന്ന വസ്തുത മനസ്സിലാക്കു മ്പോഴാണ് ഈ സമ്പ്രദായത്തിന്റെ പ്രസക്തി വ്യക്ത മാകുന്നത്. ഇന്ത്യയിലെ പൊതുവിതരണസമ്പ്രദായം രാജ്യത്തങ്ങോളമിങ്ങോളമുള്ള 4,00,000 ന്യായവില കേന്ദ്രങ്ങളാൽ വ്യാപിച്ചു കിടക്കുന്ന ലോകത്തിലെ തന്നെ വലിയ പൊതുവിതരണ സമ്പ്രദായമാണ്. ഈ പൊതുവിതരണ സംവിധാനം വഴി പ്രതിവർഷം 15,000 കോടിരൂപയിലധികം വിലവരുന്ന വസ്തുക്കൾ രാജ്യത്തെ 16 കോടികുടുംബങ്ങൾക്ക് ലഭ്യമാക്കുന്നു. അവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കികൊണ്ട് രാജ്യത്താകെ വ്യാപിച്ച് കിടക്കുന്ന ഈ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രധാന വിജയം അതിന് ഇന്ത്യയിലെ ഓരോ പാവപ്പെട്ട ഭവനങ്ങളേയും ചെറിയതോതിലെങ്കിലും സ്വയം പര്യാപ്തതയിലേക്കെത്തിക്കാൻ കഴിയുന്നു എന്നതാണ്. ദരിദ്രജനവിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷക്ക് വേണ്ടിയുള്ള സർക്കാരിന്റെ സുപ്രധാന സഹായഹസ്ത ങ്ങളിൽ ഒന്നായി മാറിയിരിക്കുകയാണ് പൊതുവിതരണ സമ്പ്രദായം. ദരിദ്രജനവിഭാഗങ്ങളുടെ സുരക്ഷ, restrictional status വർദ്ധനവ്, കമ്പോള വിലനിശ്ചയത്തിൽ കാര്യമായ ഇടപെടൽ എന്നീ മൂന്ന് സുപ്രധാന ലക്ഷ്യങ്ങളാണ് പൊതുവിതരണ സംവിധാനത്തിൽ നിർവഹിച്ചു വരുന്നത്.

## പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ

- വിലസ്ഥിരത നിലനിർത്തുന്നു.
- ദരിദ്ര ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനം (അവശ്യം വേണ്ടുന്ന ഭക്ഷ്യ വസ്തുക്കൾ ന്യായവില

LAKSHYA

കേന്ദ്രങ്ങൾ വഴി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.)

- ഭക്ഷ്യ വസ്തുക്കളുടെ ദൗർബല്യം പരിഹരിക്കുന്നതിനുള്ള റേഷനിംഗ് സംവിധാനം.
- സ്വകാര്യ കച്ചവടത്തെ നിയന്ത്രിക്കുന്നു. (keeping a check on private trade)
- സാമൂഹ്യ നീതി ഉറപ്പാക്കിക്കൊണ്ട് സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നു.

## പൊതുവിതരണ സംവിധാനം വിവിധ ഘട്ടങ്ങൾ

പി.ഡി.എസിന്റെ ലക്ഷ്യത്തിലും ഉദ്ദേശ്യത്തിലുമൊക്കെ കാതലായ മാറ്റങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുണ്ട്. ലോകമഹായുദ്ധകാലത്ത് ഭക്ഷ്യവസ്തുക്കളുടെ പൊതുജനോപയോഗം നിയന്ത്രിക്കുകയുണ്ടായി. പോർനിലങ്ങളിൽ പോരാടുന്ന സേനക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. നിരന്തരമായ ഭക്ഷ്യ ലഭ്യതക്കുറവ് ഭക്ഷ്യ ദൗർബല്യത്തെപ്പറ്റി ചിന്തിക്കാൻ ഉത്തരവാദിത്തപ്പെട്ടവരെ പ്രേരിപ്പിച്ചു. ഇത്തരത്തിലുള്ള ഭക്ഷ്യ പ്രതിസന്ധി പരിഹരിക്കുവാൻ റേഷനിംഗ് സംവിധാനം കൊണ്ടു വന്നു. നാഗരിക മേഖലയിൽ ന്യായവില കേന്ദ്രങ്ങൾ തുറന്ന് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ ആരംഭിച്ചു. ഈ സംരംഭം ഒരു വിജയമായിത്തീർന്നു. ഇതിന്റെ വിജയം ഇത്തരം ന്യായവില കേന്ദ്രങ്ങൾ ഗ്രാമീണ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിലേക്ക് നയിച്ചു. 1992–മുതൽ, വരൾച്ചാബാധിത പ്രദേശ പദ്ധതി, മരുഭൂമി വികസന പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവന്ന പ്രദേശങ്ങളിൽ പുതുക്കിയ ഒരു പൊതുവിതരണ സംവിധാനം സജീവമായി അവതരിപ്പിക്കപ്പെട്ടു. ഈ സംവിധാനം വഴി ജനങ്ങൾക്ക് വേണ്ടുന്ന ഭക്ഷ്യ വസ്തുക്കൾ ന്യായവിലകേന്ദ്രങ്ങളിൽ നിന്ന് സബ്സിഡി

LAKSHYA

നിരക്കിൽ വാങ്ങുവാൻ സാധിച്ചു തുടങ്ങി. 1996 ലെ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിനു ശേഷം വീണ്ടും പൊതുവിതരണ സമ്പ്രദായം പുതുക്കൽ നടപടികൾക്ക് വിധേയമായി. ടാർജറ്റഡ് പിഡിഎസ് എന്ന ഈ സമ്പ്രദായം രാജ്യത്തെ 4.74 ലക്ഷം വരുന്ന ന്യായവില കേന്ദ്രങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കപ്പെട്ടു.

ഈ സംവിധാത്തിന്റെ കീഴിൽ ടു-ടയർ സബ്സിഡി വില സമ്പ്രദായം ആരംഭിച്ചു. രാജ്യത്തെ റേഷൻ കാർഡുള്ള വരെ എ.പി.എൽ, ബി.പി.എൽ. എന്നിങ്ങനെ രണ്ടായി തരം തിരിച്ചു എപിഎൽ, ബിപിഎൽ എന്നിങ്ങനെയുള്ള വിഭജനത്തിന്റെയടിസ്ഥാനത്തിൽ ബിപിഎൽ കുടുംബ ങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി തുടങ്ങി 2000 ഡിസംബർ മാസത്തിൽ റ്റിപിഡിഎസ് സംവിധാനം വീണ്ടും മാറ്റങ്ങൾക്ക് വിധേയമാക്കി, അന്ത്യോദയ അന്ന പൂർണ്ണ സ്കീം കൂടി ഉൾപ്പെടുത്തി. ഈ പദ്ധതി കൂടുതൽ വിപുലമാക്കി. സ്കീം പ്രകാരം 65.2 മില്യൺ വരുന്ന ബിപിഎൽ കാർഡ് ഉപഭോക്താക്കളിൽ ദരിദ്രരിൽ ദരിദ്രരായ 10 മില്യൺ നിർധന കുടുംബങ്ങളെ കണ്ടെത്തി. അവർക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം ലഭ്യമാക്കി.

## ഭക്ഷ്യ സബ്സിഡി

ഭക്ഷ്യ സബ്സിഡി എന്നാൽ ഭക്ഷ്യവസ്തുക്കളുടെ കൊടുക്കൽ വാങ്ങൽ വിലയിലുള്ള വിടവ് പരിഹരിക്കുന്നതിന് കേന്ദ്ര ഭക്ഷ്യ ഏജൻസികളായ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച് കൊടുത്തിട്ടുള്ള ആനുകൂല്യമാണ്. ഇത്തരത്തിൽ സബ്സിഡി അനുവദിച്ച് കൊടുക്കുന്നത് വഴി കർഷകന്റെ വിളകൾക്ക് മാന്യമായ വില ലഭിക്കുന്നു. അതേ സമയം തന്നെ ദരിദ്ര ജന വിഭാഗങ്ങൾക്ക് പൊതുവിപണിയിലേക്കാൾ വില കുറച്ച് ഭക്ഷണ സാധനങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

LAKSHYA

# ഭക്ഷ്യ പൊതുവിതരണ വകുപ്പ്

LAKSHYA™ kerala
The steppingstone towards SUCCESS

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. രണ്ടാം ലോകമഹായുദ്ധ കാലത്തു തന്നെ കേരളത്തിൽ റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരുത്തിയിരുന്നു. എങ്കിലും 1965 ജൂലൈ 1 നാണ് കേരളത്തിൽ സാർവത്രികവും നിയമവിധേയവുമായ റേഷനിംഗ് സംവിധാനം നിലവിൽ വന്നത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം 1997-ൽ കേരളവും TPDS ലേക്ക് മാറി. നിലവിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണമായി നടപ്പിലാക്കിയ ഒരേയൊരു സംസ്ഥാനമാണ് കേരളം. കേരളത്തിൽ നിലവിൽ ഏതാണ്ട് സമ്പൂർണമായി തന്നെ റേഷൻ കാർഡ് കവറേജ് ഉണ്ട്.

കേരളത്തിൽ റേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ വിപുലവും വ്യക്തവുമായ ഘടനയുള്ള മികച്ച ഒരു പൊതുവിതരണ ശൃംഖലയാണുള്ളത്.

ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയും സർക്കാർ വകുപ്പും അതിനു കീഴിൽ കമ്മീഷണറേറ്റും ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നു. റേഷൻ കാർഡുകളുടെ വിതരണവും മാറ്റം വരുത്തലുകളും നടത്തുന്നു. അനാഥാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്കുള്ള റേഷൻ വിതരണം, പൊതുവിപണിയിലെ പരിശോധനകൾ, പാചകവാതകം ഉൾപ്പെടെ സർക്കാർ സബ്സിഡി നൽകുന്ന വസ്തുക്കളുടെ വിതരണം സംബന്ധിച്ച പരാതിപരിഹാരം, പെട്രോൾ പമ്പുകളിലെ പരിശോധനകൾ എന്നിവയാണ് സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രധാന ചുമതലകൾ.

സംസ്ഥാന തലത്തിൽ കമ്മീഷണറേറ്റ്, ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസുകൾ, താലൂക്ക് തലത്തിൽ താലൂക്ക് സപ്ളൈ ഓഫീസുകൾ എന്നിങ്ങനെ മൂന്നു തലത്തിലാണ് ഭരണ നിർവ്വഹണം.

## കേരളത്തിലെ പൊതുവിതരണ സമ്പ്രദായം

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ നിരവധിയുണ്ട്. സാർവത്രികത, ഉപയോഗത്തിന്റെ ഉയർന്ന നിലവാരം, ന്യായവില കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കപ്പെട്ടു കിടക്കുന്ന ശക്തമായവിതരണ ശൃംഖല, ഗ്രാമീണ മേഖലകളിലെ സജീവത, പൊതുവിതരണ സമ്പ്രദായത്തിന്റെ വിജയകരമായ ഉപയോഗം എന്നിവയാണ്. കേരള പൊതുവിതരണ സംവിധാനത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഉത്ഭവം രണ്ടാം ലോകമഹായുദ്ധ കാലത്താണ് സംഭവിച്ചത് എന്നു പറയാം. രാജ്യത്തെ സാധാരണ ജനങ്ങളുടെ ഭക്ഷ്യാവശ്യങ്ങൾ പരിഗണിക്കുന്നതിനും അവരെ മറ്റ് കച്ചവടക്കാർ ചൂഷണം ചെയ്യുന്നതിൽ നിന്ന് തടയുന്നതിനും സുസജ്ജമായ ഒരു പൊതുവിതരണ സമ്പ്രദായം സ്വതന്ത്ര്യാനന്തര കാലഘട്ടത്തിൽ കേരളസംസ്ഥാനം രൂപം പ്രാപിക്കുന്നതിനു മുമ്പേ സജീവമായിട്ടുണ്ട് 1954-1956, എന്നീ രണ്ട് വർഷങ്ങളിൽ മാത്രമാണ് ഇത്തരമൊരു സംവിധാനം കേരളത്തിൽ ഉണ്ടാവാതിരുന്നത്.

കേരള സംസ്ഥാന രൂപം കൊണ്ടതിനുശേഷം 1957-ൽ സംസ്ഥാന സർക്കാർ പാവങ്ങൾക്കും നിർധനർക്കും അരി ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണം സമ്പ്രദായം നിലവിൽ കൊണ്ടുവന്നു. ഇത് 1974 ഒക്ടോബർ വരെ തുടരുകയുണ്ടായി. എന്നാൽ, അതേ വർഷം തെക്കേ ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ വിലക്കിന്റെ ഫലമായി കേരളം രൂക്ഷമായ അരിക്ഷാമം നേരിട്ടു. 1964 നവംബർ 1-ാം തീയതി ഔപചാരിക തലത്തിൽ കേരളത്തിൽ റേഷനിംഗ് സമ്പ്രദായം നിലവിൽ വന്നു.

LAKSHYA

കേരളത്തിൽ ഓരോ രണ്ട് കിലോമീറ്റർ ചുറ്റളവിലും ഒരു ന്യായവില പൊതുവിതരണ കേന്ദ്രത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. എന്നാൽ, ഇന്ത്യയിലൊട്ടാകെ ഗ്രാമീണമേഖലയിൽ ഇത്തരം വിതരണ കേന്ദ്രങ്ങളുടെ സാന്നിദ്ധ്യം കേവലം 35 ശതമാനം മാത്രമാണ്.

പൊതുവിതരണ സമ്പ്രദായത്തിൽ (PDS) രാജ്യത്താകെയുള്ളതിൽവച്ച് സുശക്തവും, സുതാര്യവുമായി നടത്തപ്പെടുന്ന ഒന്നാണ് കേരളത്തിലെ പൊതുവിതരണ ശൃംഖല. 1997ലെ ടാർജറ്റ് സമ്പ്രദായത്തിന്റെ ആവിർഭാവത്തിനുമുൻപ് കേരളം ഈ രംഗത്തെ മാതൃകയായിരുന്നു. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുവിതരണ ശൃംഖലയിലൂടെ നാടിന്റെ നാനാ മേഖലകളെയും ബന്ധപ്പെടുത്തിയിട്ടുള്ള ഏക സംസ്ഥാനമാണ് കേരളം. 90 ശതമാനത്തോളം വരുന്ന ഭവനങ്ങളും ഈ ശൃംഖലയുടെ കീഴിലായിട്ടുണ്ട്. എല്ലാ ജനവിഭാഗങ്ങൾക്കും റേഷൻ കാർഡുണ്ട് പി.ഡി.എസ്. വഴി ഭക്ഷണധാന്യങ്ങൾ വാങ്ങുന്നതിന്റെ അളവ് ഇതര സംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ കൂടുതലാണ്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിർദ്ദേശപ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം ആവശ്യമായി വരുന്ന 370 ഗ്രാം ധാന്യങ്ങൾ പൊതുവിതരണ ശൃംഖല വഴിയാണ് വിതരണം ചെയ്യേണ്ടത്. ഒരു വ്യക്തിക്ക് പ്രതിമാസം അനുവദിച്ച ഭക്ഷണധാന്യങ്ങളുടെ അളവ് 13.8 കി.ഗ്രാം (7460 ഗ്രാം പ്രതിദിനം) ആയിരുന്നു. രാജ്യത്താകെ നടത്തിയ ഉപഭോക്തൃ സർവ്വേയിൽ, പൊതുവിതരണ ശൃംഖലയെ വിജയത്തിലേക്ക് നയിച്ച പ്രധാനപ്പെട്ട ഘടകമായ പൊതുവിതരണ കേന്ദ്രങ്ങളും മറ്റും നല്ല രീതിയിൽ നടന്ന് വരുന്നത് കേരളത്തിലാണ് എന്ന് കണ്ടെത്തുകയുണ്ടായി. 2000 പേർക്ക് ഒരു ന്യായവില കേന്ദ്രമെന്ന കേന്ദ്ര സർക്കാർ മാനദണ്ഡം കേരളത്തെ സംബന്ധിച്ച് വർഷങ്ങൾക്ക് മുൻപേ നിറവേറ്റിയ ലക്ഷ്യമാണ്. തികച്ചും ഗ്രാമീണമായ മേഖലയിൽ പോലും ഒരു വ്യക്തിക്ക് ഇത്തരം ന്യായവില കേന്ദ്രങ്ങളിലെത്തണമെങ്കിൽ 2 കിലോമീറ്ററിൽ കൂടുതൽ നടക്കേണ്ടി വരുന്നില്ല. സംസ്ഥാനത്തെ ദാരിദ്ര്യാവസ്ഥ നിരക്ക് അഖിലേന്ത്യാ ശരാശരിയെക്കാൾ താഴെയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

LAKSHYA

## റേഷൻ വിതരണ സമ്പ്രദായം

01 ജൂലൈ 1966-ലെ കേരളാ റേഷനിംഗ് ഓർഡർ പ്രകാരമാണ് കേരളത്തിൽ റേഷൻ വിതരണവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും നടന്നു വന്നത്. NFSA പ്രകാരമുള്ള റേഷനിംഗ് ഓർഡർ സംസ്ഥാന റൂൾ തുടങ്ങിയവ പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 -ലെ സെക്ഷൻ 40 പ്രകാരം സംസ്ഥാനത്ത് ഫുഡ് സെക്യൂരിറ്റി റൂൾസ് 2018-ൽ നിലവിൽ വന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിനനുസരിച്ച് പരിഷ്കരിച്ച കേരള റേഷനിംഗ് ഓർഡർ (KRO) ഉടൻ നിലവിൽ വരുന്നതാണ്.

ഇന്ത്യാ ഗവൺമെന്റിന്റെ 1955-ലെ അവശ്യസാധന നിയമത്തിന്റെ ചുവടുപിടിച്ചാണ് നമ്മുടെ റേഷനിംഗ് ഓർഡർ രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ റേഷനിംഗ് ഓർഡറിലെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം.

1. റേഷനിംഗ് സംവിധാനത്തിൽ 'Adult' അഥവാ പ്രായപൂർത്തിയായ കുടുംബാംഗം എന്നാൽ 12 വയസ് പൂർത്തിയാക്കിയ വ്യക്തിയാണ്. 'Child' അഥവാ കുട്ടി എന്നാലോ 12 വയസ്സു പൂർത്തിയാകാത്തതും 2 വയസ് കഴിഞ്ഞതുമായ വ്യക്തിയാണ്. 2 വയസിനു താഴെയുള്ളവരൊക്കെ ശിശു എന്നാണ് അറിയപ്പെടുക.
2. 'Family' കുടുംബം എന്നത് ഒരേ സ്ഥലത്തു താമസിക്കുകയും ഒരേ സ്ഥലത്ത് (അടുക്കള) പാചകം ചെയ്യുകയും ആഹാരം പങ്കുവയ്ക്കുകയും ചെയ്യുന്ന വ്യക്തികളുടെ കൂട്ടായ്മയാണ്.

ഈ രണ്ടു വസ്തുതകളും പരിശോധിച്ചാൽത്തന്നെ റേഷൻ കാർഡ് ഒരു കുടുംബത്തിനോ വ്യക്തിക്കോ അനുവദിക്കാമെന്നും അതിലെ ഒരു പൂർണ അംഗത്തിന് 12 വയസ്സു കഴിയണമെന്നും മനസ്സിലാക്കാം. കുട്ടികളുടെ പേര് റേഷൻ കാർഡിൽ വരണമെങ്കിൽ അവന്/അവൾക്ക് 2 വയസ്സു തികയുകയും വേണം.

LAKSHYA

റേഷൻ സാധനങ്ങൾ, റേഷൻ ദിവസം, റേഷൻ രേഖ, റേഷൻ സ്ഥലം എന്നീ പദങ്ങൾക്കെല്ലാം സർക്കാർ വ്യക്തമായ നിർവചനങ്ങൾ നൽകിയിട്ടുണ്ട്. അവയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് എല്ലാ പൗരന്മാരുടെയും ആവശ്യമാണ്.

റേഷൻ സാധനങ്ങൾ എന്നാൽ പ്രാദേശികവ്യത്യാസങ്ങൾക്കനുസരിച്ച് വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾ. ഇവിടെ ശ്രദ്ധിക്കേണ്ടത് ഭക്ഷണ പദാർത്ഥങ്ങൾ മാത്രമല്ല റേഷൻഷോപ്പിലൂടെ വിതരണം ചെയ്യുക എന്നതാണ്. അവശ്യസാധനങ്ങൾ എന്നു സർക്കാരിനു ബോധ്യമാകുന്നത് എന്തും റേഷൻ സാധനങ്ങൾ എന്ന നിർവചനത്തിൽപെടും.

റേഷൻ ദിവസം എന്നതാകട്ടെ ഒരു പ്രദേശത്ത് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന ദിവസത്തെയാണ് സൂചിപ്പിക്കുന്നത്.

## റേഷൻ രേഖ

റേഷൻ രേഖ എന്നത് റേഷൻ കാർഡാണ്. കേരളത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് മുമ്പ് എ എ വൈ, ബി പി എൽ, എ പി എൽ (എസ് എസ്), എ പിഎൽ (നോർമൽ) എന്നിങ്ങനെയുണ്ടായിരുന്ന നാലുതരം റേഷൻ കാർഡുകൾ NFSA നിലവിൽ വന്നതോടെ എ എ വൈ (മഞ്ഞ കാർഡ്) മുൻഗണന പ്രയോരിറ്റി (പിങ്ക് കാർഡ്- PHH), പൊതുവിഭാഗം (സബ്സിഡി) നീലക്കാർഡ് (NPS), പൊതുവിഭാഗം (വെള്ള കാർഡ്) NPNS എന്നിങ്ങനെയായി മാറിയിട്ടുണ്ട്. റേഷൻ കാർഡ് പ്രിന്റു ചെയ്യുന്നതിന് 100 രൂപയാണ് ഫീസ് ഈടാക്കുന്നത് എന്നാൽ മുൻഗണന എ എ വൈ, വിഭാഗങ്ങൾക്ക് 50 രൂപയാണ് ഫീസ്. ST വിഭാഗത്തിന് ഫീസ് നൽകേണ്ടതില്ല.

LAKSHYA

## ദേശീയ ഭക്ഷ്യ ഭദ്രത നിയമം - 2013

# NATIONAL FOOD SECURITY ACT 2013

- ഭക്ഷ്യ ഭദ്രത എന്നാൽ ആഭ്യന്തര ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ഭക്ഷ്യധാന്യം കൈവശം ഉണ്ടായിരിക്കുക എന്നതു മാത്രമല്ല, ഓരോ വ്യക്തിക്കും അവശ്യം ലഭിക്കേണ്ട പോഷക മൂല്യമുള്ള ഭക്ഷ്യധാന്യം അവർക്ക് താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക കൂടിയാണ് .
- ഇന്ത്യൻ ഭരണഘടനയിലെ 47ാം അനുച്ഛേദത്തിൽ ജനങ്ങളുടെ പോഷകാഹാര നിലവാരവും, ജീവിത നിലവാരവും പൊതു ആരോഗ്യവും ഉയർത്തുക രാഷ്ട്രത്തിന്റെ പ്രാഥമിക കർത്തവ്യങ്ങളിൽ ഒന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
- 2001 ന് ശേഷമുള്ള വിവിധ സുപ്രീംകോടതി വിധിന്യായങ്ങൾ ഭക്ഷണം മൗലികാവകാശമാണെന്ന തത്വം (People's Union for Civil Liberties (PUCL) Vs Union of India) കേസ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഭക്ഷ്യാവകാശ നിയമവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി 2009 ൽഅഡ്വൈസറി കൗൺസിൽ രൂപീകരിച്ചു.

ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ 2011 ഡിസംബർ 22 ന് ഇന്ത്യൻ പാർലമെന്റിൽ ദേശീയ ഭക്ഷ്യ ഭദ്രത ബിൽ അവതരിപ്പിക്കുന്നതിൽ എത്തിച്ചേർന്നു.

LAKSHYA



LAKSHYA The steppingstone towards SUCCESS

## ദേശീയ ഭക്ഷ്യ ഭദ്രത നിയമം - 2013

## NATIONAL FOOD SECURITY ACT 2013

- മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് 2013 ജൂലൈ മാസം 5 ാം തീയതി ദേശീയ ഭക്ഷ്യ ഭദ്രതാ ഓർഡിനൻസ് രാഷ്ട്രപതി പുറപ്പെടുവിച്ചത്. ഈ ഓർഡിനൻസിനെ തുടർന്ന് ദേശീയ ഭക്ഷ്യ ഭദ്രതാ ബിൽ പാർലമെന്റിന്റെ ഇരു സഭകളും 2013 സെപ്റ്റംബർ 10 ന് പാസാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നത്.

### ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 ലെ പ്രധാന വ്യവസ്ഥകൾ

1 രാജ്യത്തെ പൗരന്മാരുടെ ഭക്ഷ്യപോഷക ഭദ്രത ഉറപ്പുവരുത്തുക,

2 ദുർബല മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സൗജന്യ ഭക്ഷ്യധാന്യം ഉറപ്പുവരുത്തുന്നതോടൊപ്പം അത് ലഭിക്കാതിരുന്നാൽ അർഹരായവർക്ക് പകരം പണം നൽകാൻ വ്യവസ്ഥ ചെയ്യുക,

3 സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആറുമാസം മുതൽ ആറു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കും സൗജന്യ ഭക്ഷണവും പോഷകാഹാരങ്ങളും ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ കീഴിലുള്ള അംഗൻവാടികൾ മുഖേന നൽകുക,

4 ആറു മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിലൂടെ സൗജന്യഭക്ഷണം ഉറപ്പുവരുത്തുക


LAKSHYA
The steppingstone towards SUCCESS

## ദേശീയ ഭക്ഷ്യ ഭദ്രത നിയമം - 2013

# NATIONAL FOOD SECURITY ACT 2013

- രാജ്യത്തെ ഓരോ കുടുംബത്തിന്റെയും ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ ആണ് സർക്കാർ **ലക്ഷ്യാധിഷ്ഠിത പൊതുവിതരണ പരിപാടി (Targeted PublicDistribution System-TPDS)** നടപ്പിലാക്കുന്നത്.
- **TPDS** വഴി അർഹരായ എല്ലാ കുടുംബങ്ങൾക്കും സൗജന്യ നിരക്കിൽ നിശ്ചിത അളവിലും, ഗുണനിലവാരത്തിലുമുള്ള ഭക്ഷ്യധാന്യമെത്തിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.
- ദുർബല വിഭാഗങ്ങൾക്കുള്ള **അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഓരോ വീട്ടിലും 35 കിലോഗ്രാം** ഭക്ഷ്യധാന്യം, ഓരോ മാസത്തിലും ലഭ്യമാക്കുമ്പോൾ മുൻഗണനാ പട്ടികയിൽ വരുന്ന കുടുംബത്തിലെ ഒരാൾക്ക് **5 കിലോഗ്രാം** ഭക്ഷ്യധാന്യം വീതം സൗജന്യ നിരക്കിൽ നൽകുന്നു.
- 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം **16-ാം വകുപ്പിൽ** വിഭാവന ചെയ്തിട്ടുള്ള പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിനും കാലാകാലങ്ങളിൽ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതി നുമായി അർദ്ധ ജുഡീഷ്യൽ അധികാരത്തോടെ രൂപീകരിച്ച സ്ഥാപനമാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ

LAKSHYA


LAKSHYA
The steppingstone towards SUCCESS